


# സ്വാസ്ഥ്യം

മെയ് 2011

website : www.ira.org.in

ഇന്ത്യൻ റെയ്കി അസോസിയേഷൻ ബുള്ളറ്റിൻ   വോള്യം 2 ലക്കം 5


**ആമുഖക്കുറിപ്പ്**

## അക്ഷയതൃതീയ

മെയ് 6ന് അക്ഷയതൃതീയ. വൈശാഖപുണ്യമാസത്തിലെ വെളുത്തപക്ഷ തൃതീയയാണ് അക്ഷയ തൃതീയയായി പരിഗണിച്ചുവരുന്നത്.

സ്വർണ്ണം വാങ്ങാൻ വിശേഷപ്പെട്ട ദിവസമായി ഇതിനെ ജ്വല്ലറിക്കാർ കഴിഞ്ഞ കുറച്ചു വർഷങ്ങളായി പ്രചരിപ്പിച്ചുവരികയാണ്. സ്വർണ്ണവും ഈ ദിവസവും തമ്മിലെന്തു ബന്ധം എന്നു വ്യക്തമല്ല.

ത്രേതായുഗം ആരംഭിച്ചതും ദേവനദിയായ ഗംഗ ഭഗീരഥന്റെ പ്രയത്നത്താൽ ഭൂമിയിലെത്തിയതും ഈ ദിവസമാണെന്ന് ഐതിഹ്യം. പരശുരാമന്റെയും ബലരാമന്റെയും ജന്മതിഥിയും ഈ തൃതീയയാണത്രെ. ജൈനമതക്കാരുടെ ആദ്യത്തെ തീർത്ഥങ്കരനായ ഋഷഭദേവനെന്ന ആദിനാഥൻ തന്റെ ഒരു വർഷം നീണ്ട ഉപവാസം കരിമ്പുനീരു കഴിച്ച് അവസാനിപ്പിച്ചത് ഒരു അക്ഷയതൃതീയദിവസമായിരുന്നുവത്രെ. മുഹൂർത്ത ജ്യോതിഷമനുസരിച്ച് ഏറ്റവും ശ്രേഷ്ഠമായി കണക്കാക്കിവരുന്ന മൂന്ന് തിഥികളിൽ ഒന്നാണ് അക്ഷയതൃതീയ. ചൈത്രമാസത്തിലെ വെളുത്ത പക്ഷ പ്രഥമയും (പുതുവത്സരാരംഭം) അശ്വിനമാസത്തെ ദശമി (വിജയദശമി)യുമാണ് മറ്റ് രണ്ട് തിഥികൾ. വേദവ്യാസൻ ഗണപതിക്ക് മഹാഭാരതം പറഞ്ഞുകൊടുത്ത് എഴുതിക്കാൻ തുടങ്ങിയതും ഈ പുണ്യദിവസത്തിലായിരുന്നുവത്രെ. കുബേരൻ, വിഷ്ണുപത്നിയായ മഹാലക്ഷ്മിയെ ഈ ദിവസം പൂജിച്ചതായും കഥയുണ്ട്.

ജപം, ധ്യാനം, തപസ്സ് എന്നിവ അനുഷ്ഠിക്കുന്നതിനും ദാനധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനും പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനും ഏറെ വിശേഷപ്പെട്ടതായി ഈ ദിവസം കണക്കാക്കിവരുന്നു.

അധികാരപ്രമത്തതക്കും രാജസാഹങ്കാരത്തിനുംനേരെ വെണ്മഴു പ്രയോഗിച്ച പരശുരാമനെയും, അനന്തന്റെ അവതാരമായ ബലരാമനെയും നമുക്ക് ഈ ദിവസം ഓർക്കാം. സ്വന്തം പിതാവിന്റെ മോക്ഷത്തിനായി ഭഗീരഥൻ ഗംഗാനദിയെ ഭൂമിയിലെത്തിച്ച ഈ ദിവസം നൽകുന്ന സന്ദേശം, സ്വന്തം മാതാപിതാക്കളെയും മുതിർന്നവരെയും സുഖസമാധാനങ്ങളോടെയും ക്ഷേമത്തോടെയും പരിപാലിക്കാനുള്ള ചുമതല നമുക്കുണ്ടെന്നാണ്. അറിവിന്റെ പ്രകാശത്തെ (ഗംഗ എന്ന വാക്കിന് പ്രകാശം എന്ന് അർത്ഥമുണ്ട്) ജീവിതത്തിലേക്ക് കൂടുതലായി ആവാഹിക്കുവാൻ നമുക്ക് ശ്രമിക്കാം.

ഈ ദിവസം പ്രത്യേക റെയ്കി ഉപാസനയോടെ നമുക്ക് ആചരിക്കാം. സ്വർണ്ണവർണ്ണത്തിലുള്ള റെയ്കിയാൽ നമുക്ക് സ്വയംപൂരിതരാവാം; നമ്മുടെ ബന്ധുമിത്രാദികളെയും രാജ്യത്തെയും ഭൂമിയെയും പൂരിതമാക്കാം. വിഷ്ണുപൂജയ്ക്ക് വിശേഷപ്പെട്ടതായി കരുതുന്ന അക്ഷയതൃതീയദിനത്തിൽ നിലനിൽപ്പിന് സഹായിക്കുന്ന മഹാശക്തിയെ (റെയ്കിയെ) നമുക്ക് ഉപാസിക്കാം. നിലനിൽപ്പിനെ സഹായിക്കുന്നതും എങ്ങും നിറഞ്ഞുനിൽക്കുന്നതുമായ ചൈതന്യവും ശക്തിയുമാണല്ലോ വിഷ്ണു. റെയ്കി വിഷ്ണുതന്നെ. റെയ്കി ഉപാസന വിഷ്ണു പ്രീതികരമാണ്.

### സ്പർശചികിത്സാ പരിശീലനം

**ജൂൺ 26ന് ഞായറാഴ്ച കാലത്ത് 10 മണിമുതൽ അളകാപുരിയിൽ സ്പർശചികിത്സാ പരിശീലന ക്ലാസ് നടക്കും. താൽപര്യമുള്ളവർ മുൻകൂട്ടി പേർ നൽകണം. ഫീസ് : 250 രൂപ**

## സായിപ്രണാമം

“പുറത്തിറങ്ങേണ്ടതില്ല.
ഇരുന്നു കാതോർക്കുക,
വെറുതെ കാത്തിരിക്കുക.
അതും വേണമെന്നില്ല.
ഒറ്റക്കിരുന്നാലും മതി;
നിശ്ശബ്ദം, നിശ്ചലം.
ഈ ലോകം ഗത്യന്തരമില്ലാതെ
ഹർഷോന്മാദത്തോടെ
നിങ്ങളുടെ കാൽക്കൽ, സ്വയം സമർപ്പിക്കും.

ചെക്ക് കവി ഫ്രാൻസ് കാഫ്കെയുടെ ഈ കവിതാശകലത്തിലെ ആശയം ശരിയാണെന്ന് ശ്രീ സത്യസായിബാബ തെളിയിച്ചു. അദ്ദേഹം സങ്കല്പമാത്രം കൊണ്ട് അനവധി ഭഗീരഥ പ്രയത്നങ്ങൾ നിർവ്വഹിപ്പിച്ചു. “സ്നേഹിക്കുക സേവിക്കുക” എന്ന അദ്ദേഹത്തിന്റെ സൗമ്യമായ ഉപദേശം അറിവായി, ആശ്വാസമായി, അവലംബമായി അനേകം ജീവിതങ്ങളെ അനുഗ്രഹിച്ചു. താൻ ദൈവമാണെന്ന് അനുഭൂതിയിലൂടെ ഉറപ്പിച്ച അദ്ദേഹം, നമ്മൾ ആ അനുഭൂതിയിലെത്താത്തതുമാത്രമാണ് അദ്ദേഹത്തിൽനിന്ന് നമുക്കുള്ള വ്യത്യാസമെന്ന് ഉദ്ബോധിപ്പിച്ചു. മായാജാലക്കാരിൽനിന്ന് വ്യത്യസ്ഥനായി, ആ മഹാമാന്ത്രികൻ സ്പഷ്ടവും സ്ഥിരവും ചൈതന്യവത്തുമായ എമ്പാടും സംഭാവനകൾ മാനവരാശിക്ക് നൽകി.

‘കരുണാറെയ്കി’ എന്നും ‘താരാമയി റെയ്കി’ എന്നും അറിയപ്പെടുന്ന പദ്ധതികളുടെ ഉപജ്ഞാതാവായ കാത്‌ലിൻ മിൽനറും, ശിഷ്യ മേഴ്സി മില്ലറും രേഖപ്പെടുത്തിയിരിക്കുന്നത്, തങ്ങൾക്ക് വെളിപാടും മാർഗ്ഗദർശനവും, ബാബയിൽനിന്നായിരുന്നുവെന്നാണ്.

വിശ്വവ്യാപ്തിയിലേക്ക് വിലയിച്ച പ്രശാന്തിയുടെ പൊൻവെളിച്ചത്തിനുമുന്നിൽ ‘സ്വാസ്ഥ്യ’ ത്തിന്റെ അനന്തകോടി നമസ്കാരം.

### മെയ് മാസത്തെ ക്ലാസ്സുകൾ

Ist ലെവൽ ക്ലാസ് - 08 - 05 - 2011 - ഞായർ - അളകാപുരി
IInd ലെവൽ ക്ലാസ് - 15 - 05 - 2011 - ഞായർ - അളകാപുരി
III A ദീക്ഷക്ക് മുൻകൂട്ടി രജിസ്റ്റർ ചെയ്യുക.

**വിദ്യാർത്ഥി ശിബിരം 29 – 05 – 2011 – ഞായർ – അളകാപുരി**

### ജൂൺ മാസത്തെ പ്രതിമാസയോഗം

ജൂൺ മാസത്തെ പ്രതിമാസ ‘മുദ്രാറെയ്കി’ ഉപാസക സംഗമം 05 - 06 - 2011 ഞായറാഴ്ച വൈകുന്നേരം 3.30 ന് അളകാപുരിയിൽ ചേരുന്നതാണ്.